**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**20.05.2014-ന് വൈകുന്നേരം 3 :00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

**ഹാജർ:-**

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് **(ചെയർമാൻ)**
2. ഡോ.എം.ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം **(മെമ്പർ സെക്രട്ടറി)**
3. ശ്രീ.ഇ.കെ.പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ.

**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിന സമീപം ,തിരുവനന്തപുരം – 695 581

**20.05.2014-ന് വൈകുന്നേരം 3:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടക്കുന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 2.1 | 25.03.2014 ന് നടന്ന 1-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ. | 1-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. വിയോജനക്കുറിപ്പ് ആരും രേഖപ്പെടുത്തിയിട്ടില്ല. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. |
| 2.2 | ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 12.5 പ്രകാരം അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുന്നത് സംബന്ധിച്ച്. | ഇൻഫർമേഷൻ കേരള മിഷന്റെ സർക്കാർ അംഗീകരിച്ച ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 12.5 പ്രകാരം താഴെ പറയുന്ന അധികാരങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറുന്നതിനുള്ള അനുമതിക്കായി:<br>1. ഖണ്ഡിക 12.18 - ഐ.കെ.എമ്മിന്റെ ലക്ഷ്യ സാക്ഷാൽകാരത്തിന് ഉതകും വിധം ഉള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുക.<br>2. ഖണ്ഡിക 12.20 - ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് രാജ്യത്തിനകത്ത് നടത്തേണ്ടിവരുന്ന യാത്രകൾ അംഗീകരിച്ച് അനുമതി നൽകുക.<br>3. ഖണ്ഡിക 12.21 – ഭരണ സമിതി കൽപ്പിച്ച് അനുമതി നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങളും, പ്രവൃത്തികളും അധികാരങ്ങളും നിർവ്വഹിക്കുക.<br>4. ഖണ്ഡിക17.1(j) - നിർവ്വാഹക സമിതിയുടെ മുൻകൂർ അനുമതിയോടുകൂടി സൊസൈറ്റിയുടെ ദൈനന്തിന പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റേഷണറി സാധനങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക.<br>5. ഖണ്ഡിക 17.1(r) - ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ്, പ്രൊവിഡന്റ് ഫണ്ട്, യാത്രാപ്പടി, ചികിൽസാ നിയമം അനുസരിച്ചുള്ള വൈദ്യ ചികിൽസാ ചെലവ്, യോഗങ്ങൾ നടത്തുന്നതിനു വേണ്ടിവരുന്ന ചെലവുകൾ, നിർവ്വാഹക സമിതിയുടെ അനുമതിയോടുകൂടി ഐ.കെ.എം സന്ദർശിക്കുന്ന വിദഗ്ധരുടെയും അതിഥികളുടേയും സന്ദർശന ചെലവുകൾ. |
| എടുത്ത തീരുമാനം | | ഖണ്ഡിക 12.18, ഖണ്ഡിക17.1(j), ഖണ്ഡിക 17.1(r) എന്നിവ നിലവിലെ ആവർത്തന/ ഒറ്റത്തവണ ചെലവഴിക്കൽ അധികാരത്തിനകത്തുനിന്ന് നടത്താവുന്നതാണ്.<br>ഖണ്ഡിക 12.20 - അർഹമായ ക്ലാസിൽ യാത്രാ അനുമതി നൽകാവുന്നതാണ്. |
| 2.3 | എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിലവിലെ ആവർത്തന/ ഒറ്റത്തവണ ചെലവഴിക്കൽ അധികാരം ഒരു ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നത് സംബന്ധിച്ച്. | ഐ.കെ.എം സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക17.1(q) പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിലവിലെ ആവർത്തന /ഒറ്റത്തവണ ചെലവഴിക്കൽ അധികാരം ഒരു ലക്ഷം രൂപയാണ്. സ്ഥാപനത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് ഈ തുക വളരെ കുറവ് ആയത് കൊണ്ട് ഈ തുക കുറഞ്ഞത് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഗ്രൂപ്പ് ഡയറക്ടറുടെ(രജിസ്ട്രാർ) ഒറ്റത്തവണ ചെലവഴിക്കൽ അധികാരം 50,000/- രൂപയുമായി തിട്ടപ്പെടുത്തുക. |
| എടുത്ത തീരുമാനം | | എച്ച്.ആർ പോളിസി രൂപീകരിക്കുമ്പോൾ തീരുമാനം എടുക്കുന്നതാണ്. |
| 2.4 | 2012-2013 വർഷത്തെ വാർഷിക റിപ്പോർട്ട്, ബാലൻസ് ഷീറ്റ്, 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 2014-2015 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി, ബഡ്ജറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2012-13 വർഷത്തെ വാർഷിക റിപ്പോർട്ട് / 2012-2013 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് / 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ട് / 2014-2015 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി എന്നിവ ഒന്നാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ടയോടൊപ്പം അനുബന്ധമായി സമർപ്പിച്ചിരുന്നു.<br>2014-2015 വർഷത്തെ ബഡ്ജറ്റ് അജണ്ടയുടെ **(അനുബന്ധം-1)** ആയി നൽകിയിരുന്നു.<br>ഇവ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.5 | ഐ.കെ.എമ്മിലെ ജീവനക്കാർക്ക് പ്രസവാവധി അനുവദിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക-17.1(m) പ്രകാരം 120 ദിവസം വരെയുള്ള അവധി അനുവദിക്കുന്നതുള്ള അധികാരം മാത്രമാണ് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുള്ളത്.<br>ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പ്രസവാവധി അനുവദിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുൻകൂർ അനുമതി എടുക്കേണ്ടതുണ്ടോ? |
| എടുത്ത തീരുമാനം | | എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിക്കാവുന്നതാണ്. |
| 2.6 | ജില്ലാ ടെക്നിക്കൽ ഓഫീസർമാർക്ക് ലാപ്ടോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് | നിലവിൽ ജില്ലാ ടെക്നിക്കൽ ഓഫീസർമാർ ഉപയോഗിച്ചു വരുന്നത് അഞ്ച് വർഷം പഴക്കമുള്ള നെറ്റ് ബുക്ക് ആണ്. ആപ്ലിക്കേഷൻ വിന്യാസത്തിനു വേണ്ടി ഡെമോ ചെയ്യുന്നതിനോ ടെസ്റ്റിംഗ് ചെയ്യുന്നതിനോ ഇതുപയോഗിച്ച് സാധ്യമല്ല. ജില്ലാ ടെക്നിക്കൽ ഓഫീസർമാർക്ക് പുതിയ ഡ്യുവൽ കോർ പ്രോസസ്സർ ലാപ്ടോപ് വാങ്ങി നൽകി അവർ ഉപയോഗിച്ചു വരുന്ന നെറ്റ്ബുക്ക് ജില്ലാ കോർഡിനേറ്റർമാർക്ക് നൽകാവുന്നതാണ്. അനുമതിക്കായി. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. |
| 2.7 | ഐ.കെ.എം ലെ കാലപ്പഴക്കം ചെന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതിനും, പുതിയവ വാങ്ങുന്നതിനുമുള്ള അനുമതി സംബന്ധിച്ച്. | 59-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ 59.7 നമ്പർ തീരുമാനപ്രകാരം ഐ.കെ.എമ്മിൽ ഡാറ്റാ സെന്റർ സെർവറുകൾ അടക്കം 5-7 വർഷത്തിൽ അധികം കാലപ്പഴക്കമുള്ള കമ്പ്യൂട്ടറുകളും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു.<br>25.01.2014 ൽ നടന്ന 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.7 നമ്പർ തീരുമാനപ്രകാരം കാലപ്പഴക്കമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതിന് വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് അയക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് 20.02.2014 ൽ ഐ.കെ.എമ്മിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, SAN സ്റ്റോറേജ് (ഡി.ആർ സൈറ്റ്), സോഫ്റ്റ്‌വെയറുകൾ, ഫീൽഡ് കളക്ഷന് വേണ്ടിയുള്ള പ്രിന്റർ അടക്കമുള്ള ഹാൻഡ് ഹെൽഡ് ഡിവൈസ് എന്നിവ വാങ്ങുന്നതിനുള്ള സ്പെസിഫിക്കേഷൻ അംഗീകരിച്ചു.<br>ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ 25.03.2014 ൽ കൂടിയ 1-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു.<br><br>എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 1.4 നമ്പർ തീരുമാനപ്രകാരം ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സിയോട് പ്രസ്തുത സ്പെസിഫിക്കേഷൻ വിശദമായി പഠിച്ച് recommendation 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ modified സ്പെസിഫിക്കേഷൻ അജണ്ടയുടെ **അനുബന്ധം-2** ആയി നൽകിയിരുന്നു.<br><br>താഴെ പറയുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇ- ടെണ്ടർ മുഖേന / ഡി.ജി.എസ്. & ഡി rate contract പ്രകാരം വാങ്ങുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു:<br><br>a) സെർവർ കമ്പ്യൂട്ടർ (4 എണ്ണം), 20 TB SAN സ്റ്റോറേജ് (1-എണ്ണം), ഡിജിറ്റൽ പിബിഎക്സ് സിസ്റ്റം, എൽ.സി.ഡി പ്രൊജക്ടർ (2-എണ്ണം) (വാൾ മൗണ്ടിങ്ങ്), ബിസിനെസ്സ് ക്ലാസ് ലാപ്‌ടോപ് (4 എണ്ണം), ഡിസ്ക് ലൈബ്രറി(1 എണ്ണം), ഫയർ വാൾ(1-എണ്ണം), ഹൈ-സ്പീഡ് ഡോക്യുമെന്റ് സ്കാനർ (1 എണ്ണം) എന്നിവ ഇ-ടെന്റർ മുഖേന വാങ്ങുക.<br><br>b) i7 കമ്പ്യൂട്ടറുകൾ (20 എണ്ണം), i5 കമ്പ്യൂട്ടറുകൾ (50 എണ്ണം), ഫ്ലാറ്റ്-ബെഡ് സ്കാനർ (2 എണ്ണം), A3 പ്രിന്റർ (1 എണ്ണം), A4 ലേസർജെറ്റ് പ്രിന്റർ (4 എണ്ണം), A4 കളർ പ്രിന്റർ (1 എണ്ണം) എന്നിവ ഡി.ജി.എസ്. & ഡി rate contract പ്രകാരം വാങ്ങുക.<br><br>c) സോഫ്റ്റ് വെയർ: വിൻഡോസ് സെർവർ 2012 (Std+CAL) - 4 എണ്ണം; SQL Server 2012 Std+CAL) - 2 എണ്ണം; VMware vSphere 5 Enterprise Plus with support - 12 എണ്ണം; VMware vSphere 5 Enterprise standard with support - 1 എണ്ണം ; നെറ്റ്‌വർക്ക് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ - 1 എണ്ണം; MS Visual Studio Pro - 5 എണ്ണം; MS Office 2013- 5 എണ്ണം.<br><br>d) 5 മുതൽ 7 വർഷത്തിൽ അധികം കാലപ്പഴക്കമുള്ള കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കാൻ കഴിയുന്ന RAM, HDD എന്നിവ സംയോജിപ്പിച്ച് അപ്ഗ്രേഡ് ചെയ്ത് ട്രെയിനിംഗ് അടക്കം മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കുക.<br><br>e) ജി.ഒ.(MS)നം.98/2011/LSGD തീയതി 28.05.2011 പ്രകാരം ഇലക്ട്രോണിക്സ് രൂപത്തിൽ ഫീൽഡ് ടാക്സ് കളക്ഷന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ സംവിധാനം നടപ്പിലാക്കാൻ കൊല്ലം, കോഴിക്കോട് എന്നീ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലേക്കായി development support അടക്കം പ്രിന്ററോട്ടുകൂടിയുള്ള Android based hand held device വാങ്ങി ഇലക്ട്രോണിക്സ് രൂപത്തിൽ ഫീൽഡ് ടാക്സ് കളക്ഷൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു.<br><br>ജി.ഓ. (MS) No.98/2011/LSGD, 28.05.2011 പ്രകാരം റിമോട്ട് സംവിധാനത്തോടു കൂടിയുള്ള ടാക്സ് കളക്ഷൻ സംവിധാനം നടപ്പാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>f) ഉപയോഗിക്കാൻ കഴിയാത്ത കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാർ നിർദ്ദേശമനുസരിച്ച് എഴുതിത്തള്ളുക. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | a,c എന്നിവ സംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കി ഗവൺമെന്റിലേക്ക് അയക്കാൻ തീരുമാനിച്ചു. b,d,e,f എന്നിവ അംഗീകരിച്ചു. |
| 2.8 | സ്വരാജ് ഭവനിലേക്ക് ഐ.കെ.എം. മാറുന്നതിനുള്ള നടപടി ക്രമം സംബന്ധിച്ച് | ജി.ഒ.(Rt)No.2097/2013/LSGD, dated 16.8.2013 പ്രകാരം ഐ.കെ.എമ്മിന് 7640 ചതുരശ്ര അടി സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാർ കത്ത് 54231/IB1/13/LSGD dated 13.09.2013 പ്രകാരം സ്വരാജ് ഭവനിലേക്ക് മാറുന്നതിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരു accredited ഏജൻസി/Keltron മുഖേനെ ഒരുക്കുന്നതിന് ഐ.കെ.എമ്മിനു അനുമതി നൽകിയിരുന്നു. എന്നാൽ അതിനു ശേഷം ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ്, ഇന്റീരിയർ എന്നിവ സി.ഇ/എൽ.എസ്.ജി.ഡി മുഖേന നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എമ്മിന്റെ ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ്, ഇന്റീരിയർ എന്നിവ സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ എൽ.എസ്.ജി.ഡി - സി.ഇക്ക് നൽകി.<br><br>എന്നാൽ ഐ.കെ.എം ആവശ്യപ്പെട്ട പ്രകാരമുള്ള എന്റെർപ്രൈസ് ക്ലാസ് നെറ്റ്‌വർക്കിംഗും, ഹെവി ഇലക്ട്രിക്കൽ വർക്കും ചീഫ് എഞ്ചിനീയർ കൊടുത്ത പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ വർക്കുകൾ ഐ.കെ.എം നേരിട്ട് ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള അനുമതിക്കായി.<br><br>നെറ്റ് വർക്കിംഗ്, ഇൻഫ്രാസ്ട്രക്ചർ എന്നിവ 20.03.2014-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.<br><br>ഈ സാഹചര്യത്തിൽ സ്വരാജ്ഭവനു വേണ്ടി താഴെ പറയുന്നവ ഐ.കെ.എം നേരിട്ട് പർച്ചേസ് ചെയ്യുന്നതിനുള്ള / നടപ്പാക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു:<br><br>1. സ്വരാജ് ഭവനിൽ താഴെ വിശദീകരിച്ച പ്രകാരം 1.5 / 2 Ton എ.സി 21 എണ്ണത്തിന്റെ ആവശ്യമാണ് ഉള്ളത്.<br><br>(പട്ടിക താഴെ)<br><br>നിലവിൽ ഐ കെ.എമ്മിൽ ഉള്ളത് 8 മുതൽ 13 വർഷം വരെ കാലപ്പഴക്കം ഉള്ള 27 എ.സികളാണ്. ഇതിൽ 6 എണ്ണം ഉപയോഗിക്കാൻ സാധിക്കുന്നതും ബാക്കിയുള്ളവ കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്.<br><br>2. അജണ്ടയുടെ **അനുബന്ധം-2** പ്രകാരം CAT-6 കേബിൾ ഉപയോഗിച്ചും, ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഉപയോഗിച്ചുമുള്ള സ്ട്രക്ച്ചേഡ് കേബിളിങ്ങ് ഉപയോഗിച്ച് എന്റെർപ്രൈസ് ക്ലാസ് നെറ്റ്‌വർക്കിംഗ് ഇ-ടെണ്ടർ മുഖേന ചെയ്യുന്നതിനുള്ള അനുമതി. ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല.<br><br>3. ഉപയോഗിക്കാൻ പറ്റാത്ത എ.സികൾ ബൈ-ബാക്ക് വ്യവസ്ഥയിൽ തിരികെ നൽകി, 1.5/2 Ton capacity/ 5 star rating/copper piping ഉള്ള split എ.സി - 15 എണ്ണം. |

| | Capacity | എണ്ണം |
|---|---|---|
| എക്സിക്യൂട്ടീവ് ഡയറക്ടർ | 2.0 ടൺ | 1 |
| ഗ്രൂപ്പ് ഡയറക്ടർ | 1.5 ടൺ | 1 |
| കോൺഫ്രൻസ് ഹാൾ | 2.0 ടൺ | 2 |
| സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് | 2.0 ടൺ | 8 |
| ടെക്നിക്കൽ സപ്പോർട്ട് | 2.0 ടൺ | 4 |
| Server room | 2.0 ടൺ | 3 |
| UPS room | 2.0 ടൺ | 2 |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | 4. ഉപയോഗിക്കാവുന്ന ഫർണ്ണിച്ചറുകൾ നിലനിർത്തി, അജണ്ടയുടെ **അനുബന്ധം-3** പ്രകാരം ആവശ്യമുള്ള ഫർണ്ണിച്ചർ ഡി.ജി.എസ്&ഡി റേറ്റ് കോൺട്രാക്റ്റ് പ്രകാരം വാങ്ങിക്കുവാൻ സാധിക്കുന്നവ അത്തരത്തിലും, മറ്റുള്ളവ ഇ-ടെണ്ടർ മുഖേനയും വാങ്ങുക.<br>5. നിലവിൽ ഐ.കെ.എമ്മിൽ ബയോമെട്രിക്ക് അധിഷ്ഠിത അറ്റന്റൻസ് മോണിറ്ററിംഗ് സിസ്റ്റം (സൂചികയുമായി സംയോജിപ്പിച്ച) ആണ് നടപ്പിലാക്കിയിട്ടുള്ളത് സ്വരാജ് ഭവനിലേക്ക് മാറുമ്പോൾ അധിഷണലായി 8 card reader കൂടി ആവശ്യമുണ്ട്.<br>6. Security surveillance for the server room and corridor 5 Nos.<br>7. അജണ്ടയുടെ **അനുബന്ധം-4** പ്രകാരം ഇലക്ട്രിഫിക്കേഷൻ ജോലികൾ ഒരു കൺസൽട്ടന്റ് മുഖേന തയ്യാറാക്കി ഇ-ടെണ്ടർ മുഖേന ചെയ്യുന്നതിനുള്ള അനുമതി. ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൽ ലൈറ്റ്, ഫാൻ തുടങ്ങിയ ഇലക്ട്രിക്കൽ വർക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഐ.കെ.എമ്മിന് ആവശ്യമായ ഹെവി ഇലക്ട്രിക്കൽ വർക്ക് അതിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>8. നിലവിലുള്ള ജനറേറ്റർ സ്വരാജ് ഭവനിൽ മാറ്റി സ്ഥാപിക്കുക.<br>9. സെർവർ റൂം/ യു.പി.എസ് റൂം എന്നിവ സെറ്റ് അപ്പ് ചെയ്യുക. |
| എടുത്ത തീരുമാനം | | തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്ത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഇറക്കിയ ഇ-ടെണ്ടറിൽ ഉൾപ്പെടാത്ത സാധനങ്ങൾ ഇ-ടെണ്ടർ മുഖേന ഐ.കെ.എമ്മിന് നേരിട്ട് വാങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 2.9 | ആഡിറ്റ് കമ്മിറ്റി, പ്രോജക്ട് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നത് സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms)No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 15 പ്രകാരം ഐ.കെ.എമ്മിലെ എല്ലാ ധനപരമായ കണക്കുകൾ/ മറ്റ് ഇടപാടുകൾ എന്നിവ ആഡിറ്റ് ചെയ്യുന്നതിന് ആഡിറ്റ് കമ്മിറ്റി രൂപീകരിക്കാനും, ഖണ്ഡിക 16 പ്രകാരം ഐ.കെ.എമ്മിൽ പുതിയ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും, നിലവിലുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കുന്നിതിന് കർമ്മ പദ്ധതി തയ്യാറാക്കുക എന്നിവയ്ക്കായി പ്രോജക്ട് കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അനുമതിക്കായി.<br>ആഡിറ്റ് കമ്മിറ്റിയുടെ ചെയർമാൻ ധനകാര്യ വകുപ്പിൽ നിന്നുള്ള പ്രതിനിധിയും ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായിരിക്കണം എന്ന് ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിൽ നിർദ്ദേശിച്ചിട്ടുണ്ട്.<br>ആഡിറ്റ് കമ്മിറ്റി, പ്രോജക്ട് കമ്മിറ്റി എന്നിവയിലേക്കുള്ള മെമ്പർമാരെ നിർദ്ദേശിക്കുന്നതിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പുമായി ചർച്ചചെയ്ത് ഒരു പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. |
| 2.10 | സ്വരാജ് ഭവനിലും, ജില്ലകളിലും, ബഹു:പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്കുമായി വീഡിയോ കോൺഫറൻസ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച് | സോഫ്റ്റ്‌വെയർ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വീഡിയോ കോൺഫറൻസ് സംവിധാനം സ്ഥാപിക്കുന്നതിന് ഒരു പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.<br>ഇതിനു പ്രത്യേകമായ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആവശ്യമില്ല. നിലവിലുള്ള സെർവർ സംവിധാനം ഉപയോഗിക്കാവുന്നതാണ്. HD camera, സ്പീക്കർ, LED TV എന്നിവ വാങ്ങിയാൽ മതിയാകും. Client സൈഡിൽ നിലവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലുള്ള VPN/KSWAN കണക്ഷനോടൊപ്പം അവരവരുടെ സൗകര്യാർത്ഥം ലാപ്പ് ടോപ്പിലൂടെയോ, ഡെസ്ക് ടോപ്പിലെ വെബ്ക്യാം |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | മുഖേനയോ, HD camera & LED TV മുഖേനയോ വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗിക്കാവുന്നതാണ്. ഇതിനായി HD camera, സ്പീക്കർ, LED TV എന്നിവയ്ക്ക് പുറമേ ഒറ്റത്തവണ ലൈസൻസ് ഫീ (ഒരു ലൈസൻസിന് ഏകദേശം 70000 രൂപ) ഒടുക്കിയാൽ മതിയാകും. കൂടാതെ ആവശ്യമെങ്കിൽ എ.എം.സിയും എടുക്കാവുന്നതാണ്.<br>ഈ പ്രൊപ്പോസൽ തുടക്കത്തിൽ സ്വരാജ് ഭവൻ, പഞ്ചായത്ത്, സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ ഓഫീസ്, ഐ.കെ.എം. കോൺഫ്രൻസ് ഹാൾ കൂടാതെ എല്ലാ ജില്ലകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു വീഡിയോ കോൺഫറൻസ് സംവിധാനം സ്ഥാപിക്കാവുന്നതാണ്.<br>ഇ-ടെന്റർ മുഖേന പ്രസ്തുത വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പാക്കുന്നതിനുള്ള അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. ഒറ്റത്തവണ മാത്രമാണോ ലൈസൻസ്സ് ഫീ കൊടുക്കേണ്ടത് എന്ന് ഉറപ്പുവരുത്തി നടപ്പാക്കാവുന്നതാണ്. |
| 2.11 | സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് ഇന്റർനെറ്റ് ഉപയോഗത്തിനു വേണ്ടി ഓപ്റ്റിക് ഫൈബർ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് ഇന്റർനെറ്റ് ഉപയോഗത്തിനു വേണ്ടി മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി നടപ്പാക്കുന്ന 10Mbps ഓപ്റ്റിക് ഫൈബർ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി പ്രതി വർഷം 30,000/- രൂപ + ടാക്സ്സ് എന്ന നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.12 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നത് സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms) No.15/2014 / LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 7(h) പ്രകാരം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നതിനുള്ള ചുമതല ഐ.കെ.എമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്.<br>ആയതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾ ഐ.കെ.എമ്മിന്റെ മേൽ നോട്ടത്തിൽ നടപ്പാക്കുന്നതിനു വേണ്ടി പബ്ലിക് ടെണ്ടർ വിളിച്ച് ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറെ എൽപ്പിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | വിശദവിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കാൻ ഐ.കെ.എമ്മിനെ ചുമതലപ്പെടുത്തി. |
| 2.13 | ഐ.കെ.എമ്മിന് കോർപസ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms) No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 7(a, b) പ്രകാരം, പുറമേ നിന്നുള്ള പ്രോജക്ടുകൾ, കൺസൽട്ടൻസി പ്രോജക്റ്റ് എന്നിവ എടുക്കാനും നടപ്പിലാക്കാനും, 7(i) പ്രകാരം റിസർവ് ഫണ്ട് രൂപീകരിക്കാനും അനുമതി നൽകിയിട്ടുണ്ട്.<br>ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കിയതിനു ശേഷം ഓവർഹെഡ് ചാർജ് അടക്കമുള്ള നീക്കിയിരുപ്പ് തുക ഒരു കോർപസ് ഫണ്ടായി സേവിംഗ്സ് ബാങ്കിലോ, സ്ഥിരം നിക്ഷേപമായോ നിക്ഷേപിക്കാനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. |

<table>
<tr><th>ഇനം നമ്പർ</th><th>അജണ്ട</th><th>ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ</th></tr>
<tr><td>2.14</td><td>ഐ.കെ.എം-ന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.</td><td>25.01.2014 ൽ നടന്ന 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.16 നമ്പർ തീരുമാനപ്രകാരം 2013-14 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് M/s. പോറ്റി & റാവു എന്ന ചാർട്ടേഡ് അക്കൗണ്ടിനെ 2012-13 വർഷത്തെ വ്യവസ്ഥകൾ പ്രകാരം 2013-14 വർഷത്തേക്ക് നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്.<br>ഇതിന്റെ അടിസ്ഥാനത്തിൽ M/s. പോറ്റി & റാവു എന്ന ചാർട്ടേഡ് അക്കൗണ്ടന്റിന് അറിയിപ്പ് നൽകുകയും അവർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഐ.കെ.എമ്മിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ഓഡിറ്റ് ഫീസായി 1,30,000/- രൂപ അനുവദിക്കുന്നതിനുള്ള അംഗീകാരത്തിനായി സമർപ്പിക്കുന്നു.<br>കൂടാതെ 2012-13 വർഷത്തെ e-Panchayat, KLGSDP എന്നീ പ്രോജക്ടുകളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് 4000/- രൂപ, 6000/- രൂപ യഥാക്രമം കൂടുതലായി M/s. പോറ്റി & റാവു ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരത്തിനായി. (മൊത്തം ഓഡിറ്റ് ഫീ 1,40,000/- രൂപ)</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>അംഗീകരിച്ചു.</td></tr>
<tr><td>2.15</td><td>ഐ.കെ.എം വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾക്ക് STQC Testing നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച്.</td><td>ഐ.കെ.എം വികസിപ്പിച്ചെടുത്ത വിവിധ സോഫ്റ്റ്‌വെയറുകളുടെ സുഗമമായ പ്രവർത്തനത്തിന് STQC ടെസ്റ്റിംഗ് നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ തിരുവനന്തപുരത്തെ കേന്ദ്ര ഗവർമെന്റ് സ്ഥാപനമായ ഇ.ആർ & ഡി.സി മുഖേന പ്രസ്തുത ടെസ്റ്റിംഗ് നടത്തുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>അംഗീകരിച്ചു.</td></tr>
<tr><td>2.16</td><td>ഐ.കെ.എം സൊസൈറ്റിയുടെ പ്രവർത്തനത്തിനായി ഫണ്ട് ശേഖരിക്കുന്നത് സംബന്ധിച്ച്.</td><td>20.01.2014 തീയതിയിലെ G.O.(Ms).No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക-20 പ്രകാരം ഐ.കെ.എം സൊസൈറ്റിയുടെ ഫണ്ട് രൂപീകരിക്കുന്നതിലേക്കായി തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന തുക 3 ഗഡുക്കളായി 2013-14 മുതൽ 2015-16 നകം അടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>
<table>
<tr><th rowspan="2">No</th><th rowspan="2">Local Government</th><th colspan="3">Membership fee in instalments</th><th rowspan="2">Amount (in lakh)</th></tr>
<tr><th>2013-14</th><th>2014-15</th><th>2015-16</th></tr>
<tr><td>1</td><td>ഗ്രാമ പഞ്ചായത്തുകൾ</td><td>3</td><td>3</td><td>3</td><td>9</td></tr>
<tr><td>2</td><td>ബ്ലോക്ക് പഞ്ചായത്തുകൾ</td><td>5</td><td>5</td><td>5</td><td>15</td></tr>
<tr><td>3</td><td>ജില്ലാ പഞ്ചായത്തുകൾ</td><td>15</td><td>15</td><td>15</td><td>45</td></tr>
<tr><td>4</td><td>മുനിസിപ്പാലിറ്റികൾ</td><td>10</td><td>10</td><td>10</td><td>30</td></tr>
<tr><td>5</td><td>കോർപ്പറേഷനുകൾ</td><td>20</td><td>20</td><td>20</td><td>60</td></tr>
</table>
എന്നാൽ സൊസൈറ്റി രജിസ്ട്രേഷന് കാല താമസം നേരിട്ടതിനാൽ 2013-14 വർഷത്തെ തുക പിരിക്കാൻ സാധിച്ചില്ല. ഇതിൽ 2014-15 വർഷത്തെ തുകയായ 46.04 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് ഐ.കെ.എമ്മിന് നൽകുന്നതിനുമുള്ള അനുമതിക്കായി സമർപ്പിക്കുന്നു. 2,3 എന്നീ ഗഡുക്കൾ 2015-16, 2016-17 വർഷങ്ങളിൽ പിരിച്ചെടുക്കാവുന്നതാണ്.<br>ഈ ഫണ്ടിൽ നിന്നും 92.08 കോടി രൂപ സർക്കാരിലേക്ക് 2014-15 ൽ തിരിച്ചടക്കാൻ എം.ഒ.എ യിലെ ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 20(b)യിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ തുക തിരിച്ചടക്കുന്നതിന് 5 വർഷത്തേക്ക് മോറട്ടോറിയം നൽകുന്നതിനുള്ള അനുമതിക്കായി.</td></tr>
</table>

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | ഉത്തരവ് തയ്യാറാക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിക്കാൻ ഐ.കെ.എമ്മിനെ ചുമതലപ്പെടുത്തി. |
| 2.17 | ഒഴിവുള്ള മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്. | 12.09.2013 ൽ നടന്ന 62-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 62.14 നമ്പർ തീരുമാനപ്രകാരം മുനിസിപ്പാലിറ്റി / ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റ് മാരുടെ ഒഴിവുള്ള തസ്തികകളിലേക്ക് സർക്കാർ അനുമതിയോടുകൂടി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. തുടർന്ന് 17.01.2014 തീയതിയിലെ നം.267/ഇ4/2014/ ഐ.കെ.എം നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ നൽകുകയും ചെയ്തു.<br>എന്നാൽ 04.02.2014 ലെ സർക്കാർ കത്ത് നം.4826/ഐബി1/ 2014/തസ്വഭവ പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഐ.കെ.എമ്മിൽ ഇപ്പോൾ പുതിയ നിയമനങ്ങൾ നടത്തുന്നത് അഭികാമ്യമാവുകയില്ല. ആയതിനാൽ ടി.എ മാരെ നിയമിക്കുന്നതിനുള്ള അനുമതി പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിട്ടുണ്ട്.<br>G.O.(Rt)No.3865/08/LSGD dated 03.11.2008 പ്രകാരം മേൽപ്പറഞ്ഞ ഒഴിവുകൾ സർക്കാർ അംഗീകൃത തസ്തികകളാണ്. G.O.(Ms) No.15/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10.02.2014 മുതൽ ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായി ചെയ്ത സാഹചര്യത്തിൽ ഖണ്ഡിക 12.13 പ്രകാരം നിയമനങ്ങൾക്കുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നതാണ്.<br>ആയതിനാൽ നിലവിലുള്ള ഒഴിവുകളിലേക്കും, ഭാവിയിൽ വരുന്ന ഒഴിവുകളിലേക്കും ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിനു എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനും, ഇന്റർവ്യൂ കമ്മിറ്റി രൂപീകരിക്കുന്നതിനും സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.18 | ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥർ ഐ.കെ.എമ്മിൽ തുടരുന്നത് സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms)No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 19(a) പ്രകാരം ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്ന ദിവസം ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന താഴെ പറയുന്ന ഉദ്യോഗസ്ഥർ തിരികെ മാതൃ വകുപ്പിലേക്ക് പോകുകയോ പ്രത്യേക ഉത്തരവോടുകൂടി ഡെപ്യൂട്ടേഷൻ പുതുക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>ഇവർ ഐ.കെ.എമ്മിൽ തുടരുന്നതിനു വേണ്ടി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. |

| Name | Designat on in IKM |
|---|---|
| Dr M Samsuddin | Executive Director (from NCESS) |
| M P Ajithkumar | Group Director (from Director of Panchayats) |
| T A Rajasekharan | Team Leader (Admin) (from Secretariat) |
| P Sherif | Team Leader (Accounts) (from Secretariat) |
| K B Bahuleyan | Team Leader (Purchase) (from Secretariat) |
| P K Abdul Basheer | Team Leader- GP (from Director of Panchayats) |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | തുടർ നടപടികൾക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.19 | ഇൻന്റേണൽ ആഡിറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്. | 27.06.2012 ൽ നടന്ന 58-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 58.19 നമ്പർ തീരുമാനപ്രകാരം A.G യിൽ നിന്നോ, ഫൈനാൻസിൽ നിന്നോ സർവ്വീസിൽ നിന്നും വിരമിച്ചവരെ നിയമിക്കാനും. ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചിരുന്നു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ 07.12.2013 ലെ നം.7625/ഇ1/2013/ഐകെഎം നമ്പർ കത്ത് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് നം.77027/ഐബി1 /2013/തസ്വഭവ സർക്കാർ കത്തിൽ ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചിരുന്നു.<br><br>G.O.(Ms) No.15/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10.02.2014 മുതൽ ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇൻന്റേണൽ ആഡിറ്ററെ എ.ജി. ഓഫീസിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.20 | മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കമ്പനിയുടെ വിപിഎൻ ബ്രോഡ്ബാന്റ് (VPNoBB) കണക്ഷൻ എടുക്കുന്നത് സംബന്ധിച്ച്. | നിലവിൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ BSNL ന്റെ 256 Kbps Bandwidth ഉള്ള VPNoBB Connection ആണ് ഉപയോഗിച്ചു വരുന്നത്. ഇത് 256 Kbps ന്റെ പ്രതിവർഷ നിരക്കായ 15,960/- രൂപയ്ക്ക് 512 Kbps ആയി അപ്ഗ്രേഡ് ചെയ്യുന്നതാണെന്ന് BSNL അറിയിച്ചിട്ടുണ്ട്.<br><br>ഇ-ഡിസ്ട്രിക്റ്റ് പ്രോജക്റ്റിന്റെ ഭാഗമായി ഐ.ടി.മിഷൻ മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി മലപ്പുറം, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പ്രതിവർഷം 21,000/- രൂപ നിരക്കിൽ ഒപ്റ്റിക് ഫൈബർ VPNoBB- 2Mbps ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഐ.ടി.മിഷനും, ഐടി@സ്കൂളും മറ്റു ചില സർക്കാർ സ്ഥാപനങ്ങളും ഈ സംവിധാനം വിജയകരമായി ഉപയോഗിക്കുന്നുണ്ട്.<br><br>ഈ സംവിധാനം വഴി മേൽ പറഞ്ഞ ജില്ലകളിലെ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും 2Mbps Bandwidth ലഭ്യമാക്കാൻ സാധിക്കും എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും വെബ് അധിഷ്ഠിത സേവനങ്ങൾ നടപ്പാക്കുന്നതിന്റെ വെളിച്ചത്തിൽ 2Mbps Bandwidth ലഭ്യമാക്കാൻ ലഭ്യമാക്കാൻ കഴിഞ്ഞാൽ, എൽ.എസ്.ജി. ഡി യുടെ ഇ-ഗവേണൻസിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കുന്നതാണ്.<br><br>2Mbps Bandwidth സംവിധാനം മറ്റു ജില്ലകളിൽ കൂടി വ്യാപകമാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഈ സംവിധാനത്തിലേക്ക് മാറുന്നതിന് എൽ.എസ്.ജി.ഡിയ്ക്ക് സമ്മതമാണ് എന്ന സമ്മതപത്രം റെയിൽടെൽ കോർപ്പറേഷന് നൽകിയാൽ ഈ സേവനം മറ്റു ജില്ലകളിലും സമയബന്ധിതമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ് എന്ന് റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | അറിയിച്ചിട്ടുണ്ട്.<br>റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ സമർപ്പിച്ച പ്രൊപ്പോസൽ നടപ്പാക്കുന്നതിലേക്കായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. പ്രൊപ്പോസൽ അജണ്ടയുടെ **അനുബന്ധം-5** ആയി നൽകിയിരുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.21 | സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച്. | ഐ.ക.എമ്മിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ മറ്റുള്ള സംസ്ഥാനങ്ങളിൽ സുഗമമായി നടപ്പിലാക്കുന്നതിന് വേണ്ടി ഒരു പ്രൈവറ്റ് പാർട്ട്ണറുടെ collaboration ആവശ്യമാണ്. അതിലേക്കായി expression of interest വിളിച്ച് ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.22 | ഐ.കെ.എമ്മിൽ ഒരു ആട്ടോകാഡ് ഡെവലപ്പറെ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്. | ഓപ്പൺ സോഫ്റ്റ് പ്ലാറ്റ്ഫോമിൽ സങ്കേതം (ബിൽഡിംഗ് പെർമിറ്റ്), സുഗമ (എസ്റ്റിമേറ്റ് തയ്യാറാക്കൽ) എന്നീ സോഫ്റ്റ് വെയറുമായി ആട്ടോകാഡ് ഫയലുകൾ സംയോജിപ്പിക്കുന്നതിനായി ഒരു ആട്ടോകാഡ് ഡെവലപ്പറുടെ സേവനം മൂന്ന് മാസത്തേയ്ക്ക് ആവശ്യമാണ്.<br>അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.23 | ഐ.കെ.എം. - ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച്. | ഐ. കെ. എം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തിനായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ജില്ലാ പ്ലാനിംഗ് ഓഫീസ്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ജില്ലാ കോർഡിനേറ്റർ, ജില്ലാ ടെക്നിക്കൽ ഓഫീസർ, പഞ്ചായത്ത് ജീവനക്കാർ എന്നിവരുമായി നിരന്തരം ടെലഫോൺ മുഖേന ബന്ധപ്പെടേണ്ടതുണ്ട്.<br>ഇതിലേയ്ക്കായി ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ് അനുവദിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് 25.01.2014 ൽ ചേർന്ന ഐ. കെ. എമ്മിന്റെ 63ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.14 നമ്പർ തീരുമാന പ്രകാരം വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി.<br>ഐ.കെ.എം. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ള പശ്ചാത്തലത്തിൽ ഫീൽഡിൽ വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ് നൽകുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 2.24 | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് e- Payment Gateway, POS മെഷീൻ എന്നിവയിലൂടെ നികുതി പിരിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത് സംബന്ധിച്ച്. | G.O.(Rt)No.687/2013/LSGD തീയതി:19.03.2013 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട നികതി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ e-payment Gateway, POS മെഷീൻ എന്നിവയിലൂടെ പിരിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>ഇ-പെയ്മെന്റ് സേവനം ലഭ്യമാക്കുന്നതിനായി സേവന ദാതാവായി ഐ.കെ.എമ്മിനെ നിയോഗിക്കുകയും, ഇ-പെയ്മെന്റ് വഴി ലഭിക്കുന്ന നികുതികളും ഫീസുകളും കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു പൊതു അക്കൗണ്ട് (pooling account) തുറക്കാനും ഐ.കെ.എമ്മിന് അനുവാദം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ശാഖകളുടേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സെർവറുകൾ തമ്മിലുള്ള സംയോജനം സംബന്ധിച്ച നടപടികൾ നിർവ്വഹിക്കുന്നതിനും ഐ.കെ.എമ്മിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം പൊതു ജനങ്ങളുടെ സൗകര്യാർത്ഥം IRCTC പോലെയുള്ള സ്ഥാപനങ്ങൾ നടപ്പാക്കിയത് പോലെ വിവിധ ബാങ്കുകളുടെ e- payment Gateway സൗകര്യം കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാവുന്നതാണ്.<br><br>ഇതിലേക്കായി, താഴെ പറയുന്ന അനുമതികൽക്കായി സമർപ്പിക്കുന്നു.<br><br>a) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ e-payment ആവശ്യത്തിക്കായി വിവിധ ബാങ്കുകളുടെ e-payment Gateway സ്ഥാപിക്കുന്നതിനും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ക്യാഷ് കൗണ്ടറിൽ POS മെഷീനുകൾ സ്ഥാപിക്കുന്നതിനും, ബാങ്കുകളുടെ കൗണ്ടർ മുഖേനെയോ എ.ടി.എം വഴിയോ നികതി സ്വീകരിക്കുന്നതുനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും, മറ്റും തുടർ പ്രവർത്തനങ്ങൾക്കുമായി അതാത് ബാങ്കുകളിൽ ഐ.കെ.എമ്മിന്റെ പേരിൽ അതാത് ആവസ്യതിനുള്ള പ്രത്യേകം Pooling Account (Current Account) തുടങ്ങുക<br>b) Account (Current Account) തുടങ്ങുക<br>c) http://www.tax.lsgkerala.gov.in എന്ന വെബ്സൈറ്റ് ഹോസ്റ്റ് ചെയ്തിരിക്കുന്ന സെർവർ STQC വഴി അല്ലെങ്കിൽ, ബാങ്കുകൾ empanel ചെയ്തിരിക്കുന്ന സ്ഥാപനങ്ങൾ വഴി കാലാകാലങ്ങളിൽ Certify ചെയ്യുക.<br>d) ഇ-പെയ്മെന്റ്/ഇ-ഫയലിങ്ങുമായി ബന്ധപ്പെട്ട സൈറ്റുകൾക്ക് മിനിമം 128 Bit encryption നോട് കൂടിയ സുരക്ഷിതമായ WildcardSSL certification കാലാകാലങ്ങളിൽ പുതുക്കുന്നതിനുള്ള അനുമതി നൽകുക<br>e) വിവിധ ബാങ്കുകളുമായി പ്രസ്തുത സർവീസുകൾ നടപ്പാക്കുന്നതിനു എഗ്രീമെന്റ് വെക്കുന്നതിനുള്ള അനുമതി നൽകുക. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.25 | ശ്രീ.അബ്ദുൾ ബഷീർ.പി.കെ, ടീം ലീഡർ (ഇംപ്ലിമെന്റേഷൻ- ഗ്രാമ പഞ്ചായത്ത്), ഐ.കെ.എം ഉയർന്ന ശമ്പള സ്കെയിൽ അനുവദിക്കുന്നത് സംബന്ധിച്ച്. | പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ആയിരുന്ന ശ്രീ.പി.കെ. അബ്ദുൾ ബഷീറിനെ സ.ഉ.(സാധാ)നം.2137/2011/തസ്വഭവ തീയതി 15.09.2011 പ്രകാരം ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്ത് ഇംപ്ലിമെന്റേഷൻ ടീം ലീഡറായി നിയമിച്ചു. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടേഷനിൽ നിയമനം നൽകിയപ്പോൾ അദ്ദേഹത്തിന് 16180-29180 എന്ന ഉയർന്ന ശമ്പള സ്കെയിൽ പ്രത്യേകമായി അനുവദിക്കുകയും ആ സ്കെയിലിൽ 18,740 രൂപ അടിസ്ഥാന ശമ്പളമായി നിശ്ചയിച്ച് ഐ.കെ.എമ്മിൽ നിന്നും തുടർന്നും നൽകി വരുന്നു. ഈ ശമ്പള സ്കെയിൽ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഐ.കെ.എമ്മിൽ തുടരുന്നത് വരെ നില നിൽക്കും എന്നും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.. ഇപ്പോൾ അദ്ദേഹത്തിന്റെ അടിസ്ഥാന ശമ്പളം 19,240 രൂപയാണ്.<br><br>എന്നാൽ, 19.04.2013 മുതൽ ഇദ്ദേഹത്തിന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചു. ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ടിന്റെ സ്കെയിലായ 16180-29180 എന്ന സ്കെയിലിന് തൊട്ടു മുകളിലുള്ള 18740-38680 എന്ന സ്കെയിലിൽ ശമ്പള നിർണ്ണയം നടത്തി 20,240 രൂപ അടിസ്ഥാന ശമ്പളം പ്രൊമോഷൻ കിട്ടിയ തീയതി മുതൽ നൽകേണ്ടതാണ്. ഇദ്ദേഹത്തിന് ഇപ്പോൾ ലഭിക്കുന്ന അടിസ്ഥാന ശമ്പളം 19,240 രൂപയാണ്.<br><br>ശ്രീ.പി.കെ. അബ്ദുൾ ബഷീറിന്റെ ശമ്പളം 18740-38680 എന്ന സ്കെയിലിൽ 20,240 രൂപ അടിസ്ഥാന ശമ്പളമായി നിജപ്പെടുത്തി പ്രൊമോഷൻ കിട്ടിയ തീയതി മുതൽ നൽകണമെന്ന അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (ജി.ഒ. അജണ്ടയുടെ **അനുബന്ധം-6** ആയി നൽകിയിരുന്നു.). |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.26 | ഐ.കെ.എമ്മിലെ മുൻ ഇംപ്ലിമെന്റേഷൻ ഡയറക്ടറായിരുന്ന ശ്രീ.എ.ഷാജിക്ക് ശമ്പള വർദ്ധനവ് നൽകിയത് സംബന്ധിച്ച്. | ശ്രീ.ഷാജി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 01.03.2012-ൽ അയച്ച കത്തിൽ അദ്ദേഹത്തിന് ഐ.കെ.എമ്മിലെ ഡെപ്യൂട്ടേഷൻ കാലയളവിൽ ശമ്പള വർദ്ധന നടപ്പാക്കിയില്ല എന്ന് കാണിച്ച് ശമ്പള വർദ്ധന മുൻകാല പ്രാപല്യത്തോടെ പുതുക്കി നൽകണമെന്ന് അപേക്ഷ നൽകിയിട്ടുണ്ട്.<br><br>തുടർന്ന് രേഖകൾ പരിശോധിച്ചപ്പോൾ പ്രസ്തുത ഉത്തരവിൽ ശ്രീ.എ.ഷാജിയെ ഡെപ്യൂട്ടേഷന്റെ സാധാരണ വ്യവസ്ഥകൾ അനുസരിച്ചായിരിക്കണം നിയമനം നൽകേണ്ടത് എന്ന് പറഞ്ഞിരുന്നു. എന്നാൽ ശ്രീ.ഷാജി ഐ.കെ.എമ്മിൽ ജോലിയിൽ പ്രവേശിച്ച സമയം അദ്ദേഹത്തിന് അന്ന് കെൽട്രോണിൽ നിന്നും നൽകിയിരുന്ന ശമ്പളം കുറവായതിനാൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യതയും എക്സ്പീരിയൻസും പരിഗണിച്ച് സി-ഡിറ്റിലെ സൈന്റിസ്റ്റ്-ഇ1 ഗ്രേഡിന്റെ Scale of pay ആയ 12,000-375-16,500 അന്നത്തെ ഇ.എം.ഡി യുടെ ഓർഡർ നം.IKM/FAL/O.O/002/2013 തീയതി 09.04.2013 പ്രകാരം ശമ്പളം ഫിക്സ് ചെയ്ത് നൽകി. തുടർന്നുള്ള അസ്സസ്സ്മെന്റ് പ്രോമോഷനുകൾ നൽകിയിരുന്നില്ല. നിലവിലുള്ള രേഖകൾ അനുസരിച്ച് ശ്രീ.ഷാജിക്ക് കെൽട്രോണിൽ നിന്നും ലഭ്യമാകേണ്ടതിൽ നിന്നും കൂടുതൽ തുകയാണ് നൽകിയത് എന്ന് കാണുന്നു.<br><br>ടി വിഷയം സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി പ്രസ്തുത ജി.ഒയും ഫിക്സേഷൻ ഓർഡറും അജണ്ടയുടെ **അനുബന്ധം-7** ആയി നൽകിയിരുന്നു |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.27 | ഐ.കെ.എമ്മിലെ ജീവനക്കാരായ ശ്രീമതി. റെയ്ഹാൻ എ.എ, ശ്രീമതി. രഞ്ജിത എ. കെ, ശ്രീമതി. ഇന്ദുറാണി ജി എന്നിവർ അവധി എടുത്ത് വിദേശത്ത് പോയതിന് അനുമതി നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. | a) ശ്രീമതി. റെയ്ഹാൻ എ എ റിസപ്ഷനിസ്റ്റ് 03/04/2014 മുതൽ 09/05/2014 വരെ ദുബായിൽ ജോലിചെയ്യുന്ന ഭർത്താവിൻെറ സമീപം പോകുന്നതിന് 37 ദിവസത്തെ ആർജ്ജിത അവധി.<br>b) ശ്രീമതി. രഞ്ജിത എ.കെ. പ്രൊജക്റ്റ് മാനേജർക്ക് March 25 മുതൽ April 9 വരെ ദുബായിൽ താമസിക്കുന്ന സഹോദരിയുടെ സമീപം പോകുന്നതിന് 16 ദിവസത്തെ ആർജ്ജിത അവധി.<br>c) ശ്രീമതി. ഇന്ദുറാണി ജി. പ്രോഗ്രാമർ 01.04.2014 മുതൽ 30.04.2014 വരെ ദുബായിൽ ജോലിചെയ്യുന്ന ഭർത്താവിന്റെ സമീപം പോകുന്നതിന് 30 ദിവസത്തെ ആർജ്ജിത അവധി. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഈ ജീവനക്കാർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായി ആർജ്ജിത അവധി നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഈ നടപടി സാധൂകരണത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. |
| 2.28 | സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ പിരിഹരിക്കുന്നതിനു ഒരു സീനിയർ കൺസൾട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് | സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പാക്കിക്കഴിഞ്ഞു. നിലവിൽ തദ്ദേശ സ്ഥാപനങ്ങളിലെ അകൗണ്ടന്റ്മാരുടെയും, കെ.എൽ.എസ്.ജി.എസ്.ഡി.പി. പ്രോജക്ടിൽ നിയമിതരായിട്ടുള്ള ഐ.ടി.എക്സ്പേട്ട്സ് മാരുടെയും ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ പിരിഹരിക്കുന്നതിനും, ഐ.കെ.എം നടപ്പിലാക്കിയ മറ്റ് സോഫ്റ്റ്‌വെയറുകളുമായും, എം.ഒ.പി.ആറിന്റെ പ്രിയാസോഫ്റ്റ് എന്ന സോഫ്റ്റ്‌വെയറുമായി സാംഖ്യ സംയോജിക്കുമ്പോൾ വരാവുന്ന ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, ഒരു ഡൊമൈൻ എക്സ്പെർട്ടിന്റെ സേവനം അനിവാര്യമാണ്.<br><br>ഇതിലേക്കായി, സാംഖ്യ സോഫ്റ്റ്‌വെയറിന്റെ രൂപീകരണം മുതൽ ഇതിന്റെ പ്രവർത്തനത്തിൽ സേവനം നൽകിയ ഐ.കെ.എമ്മിന്റെ മുൻ സാംഖ്യ കൺസൾട്ടന്റ് ശ്രീ.ഉദയഭാനു കണ്ടേത്തിനെ സാംഖ്യ സീനിയർ കൺസൾട്ടന്റായി 30,000/- രൂപ പ്രതിമാസ കൺസോളിഡേറ്റഡ് ശമ്പളത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് 13.01.2014 ലെ ഐ.കെ.എം/ഇസിഡി/381/2014 നമ്പർ പ്രകാരം സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. 15.02.2014 ലെ സർക്കാർ കത്ത് നം.3449/ഐബി1/14/ തസ്വഭവ പ്രകാരം ശ്രീ.ഉദയഭാനു കണ്ടേത്തിനെ സീനിയർ കൺസൾട്ടന്റായി നിയമിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്.<br><br>സാംഖ്യ ഇംപ്ലിമെന്റേഷനും, മറ്റുള്ള സോഫ്റ്റ്‌വെയറുകളുമായി ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ നില നിൽക്കുന്നതിനാൽ ഒരു കൺസൾട്ടന്റിന്റെ സേവനം ഭാഗികമായെങ്കിലും അനിവാര്യമാണ്.<br><br>ആയതിനാൽ ഒരു സാംഖ്യ കൺസൾട്ടന്റിനെ ആവശ്യാനുസരണം 2000/- രൂപ പ്രതിദിന ഹോണറേറിയം അടിസ്ഥാനത്തിൽ എടുക്കുന്നതിനും, ഐ.കെ.എം വികസിപ്പിച്ച /വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന സോഫ്റ്റ്‌വെയർ ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ വിവരങ്ങൾ നൽകുന്നതിനും, പിരിഹരിക്കുന്നതിനും കൺസൾട്ടന്റ്മാരെ മേൽപ്പറഞ്ഞ വ്യവസ്ഥയിൽ എടുക്കുന്നതിനുള്ള അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.29 | ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ ശിക്ഷണനടപടി സംബന്ധിച്ച്. | ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ താഴെ പറയുന്ന തീയതികളിൽ അനധികൃത അവധിയിൽ പ്രവേശിച്ചിരുന്നു.<br><br>1. 27/03/2013 മുതൽ 21/05/2013 വരെ 56 ദിവസം അനുമതി ഇല്ലാതെ അവധിയിൽ പ്രവേശിച്ചു. ഈ കാലയളവിൽ വിദേശപര്യടനം നടത്തി.<br>2. 01/12/2013 മുതൽ 20/01/2014 വരെ 51 ദിവസം ആർജ്ജിത അവധിക്ക് അപേക്ഷിച്ചു ജില്ലാ കോർഡിനേറ്റർ ശുപാർശചെയ്യാത്തതിനാൽ അവധി നിരസിച്ചു. പക്ഷെ അനധികൃതമായി അവധിയിൽ പ്രവേശിച്ചു.<br>3. 7/02/2014 മുതൽ 21/02/2014 വരെ 15 ദിവസം ആർജ്ജിത അവധിക്ക് അപേക്ഷിച്ചു ജില്ലാ കോർഡിനേറ്റർ ശുപാർശചെയ്യാത്തതിനാൽ അവധി നിരസിച്ചു. പക്ഷെ അനധികൃതമായി അവധിയിൽ പ്രവേശിച്ചു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ശ്രീ.ആനന്ദ് യു.ആർ ആകെ 122 ദിവസം അനധികൃത അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ശ്രീ.ആനന്ദ് യു.ആറിന് എതിരെയുള്ള അച്ചടക്ക നടപടികളെ സംബന്ധിച്ച ഫയൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.30 | ശ്രീ.സിറിൽ ടി.കര്യക്കോസ്, ടെക്നിക്കൽ ഓഫീസറുടെ ശിക്ഷണനടപടി സംബന്ധിച്ച്. | 25.01.2014 ലെ 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.19 നമ്പർ തീരുമാനപ്രകാരം ശ്രീ.സിറിൽ ടി. കര്യക്കോസ്, ടെക്നിക്കൽ ഓഫീസറുടെ ശിക്ഷണനടപടി സംബന്ധിച്ച് എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ നടപടികൾ തുടരേണ്ടതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു.<br><br>അയതിൻ പ്രകാരം ശ്രീ.സിറിൽ റ്റി കര്യാക്കോസ് അനധികൃതമായി അവധിയിലായിരുന്ന താഴെ പറയുന്ന കാലയളവുകൾ ശൂന്യവേതന അവധിയായി അനുവദിച്ച് കൊണ്ട് കാലയളവുകൾ ക്രമപ്പെടുത്തി സഞ്ചിതഫലത്തോടെ രണ്ട് വാർഷിക ഇൻക്രിമെന്റ് തടഞ്ഞ് വെച്ച കൊണ്ടും ശ്രീ. സിറിൽ റ്റി കര്യാക്കോസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.31 | ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (ആലപ്പുഴ ജില്ല) ജോലിയിൽ നിന്നും പിരിച്ച് വിടുന്നത് സംബന്ധിച്ച്. | 14.01.2013 മുതൽ 12.07.2013 വരെ മെറ്റേർനിറ്റി ലീവിലായിരുന്ന ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ ഇന്നേ ദിവസം വരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി വിട്ടുനിൽക്കുന്ന ശ്രീമതി.സിബി.എം ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപനവുമാണ് നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ശ്രീമതി. സിബി.എം.ന് ഐ.കെ.എമ്മിൽ തുടരാൻ താൽപര്യമില്ല എന്നു വ്യക്തമായിരിക്കുന്നു. ആയതിനാൽ ഈ ജീവനക്കാരിയെ ഐ.കെ.എമ്മിന്റെ സേവനത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. അനുമതിക്കായി. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.32 | ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (എറണാകുളം ജില്ല) ജോലിയിൽ തുടരുന്നതിനുള്ള കഴിവില്ലായ്മ സംബന്ധിച്ച്. | 04.11.2006 മുതൽ കഴിഞ്ഞ 8 വർഷമായി ഐ.കെ.മ്മിൽ ജോലിയിൽ തുടരുന്ന ശ്രീമതി പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, എറണാകുളം ജില്ല ഒട്ടും കാര്യക്ഷമതയില്ലാത്ത ജീവനക്കാരിയാണ് എന്ന് ജില്ലാ ടെക്നിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത്രയും സീനിയറായിട്ടും ഐ.കെ.എം വികസിപ്പിച്ച് ഉപയോഗിച്ച വരുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകളുമായിട്ട് യാതൊരു അറിവും പരിചയവുമില്ല എന്ന് മാത്രമല്ല ഈ ഉദ്യോഗസ്ഥയുടെ കഴിവില്ലായ്മ മൂലം തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വളരെയധികം പ്രശ്നങ്ങൾ നിലനിൽക്കുന്നതാൽ, ഇ-ഗവേണൻസിന്റെ സുഖമമായ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ഡിസ്ട്രിക്റ്റ് കോർഡിനേറ്ററും, പല സെക്രട്ടറിമാരും തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പല തവണ അച്ചടക്ക നടപടി എന്ന നിലയിൽ ഈ ജീവനക്കാരിയെ സ്ഥല മാറ്റം ചെയ്തിട്ടുണ്ടെങ്കിലും, പ്രവർത്തനത്തിൽ യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല എന്ന് മാത്രമല്ല, എല്ലാ സെക്രട്ടറിമാരും ഇതേ അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്.<br><br>ഈ ഒരു സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥയെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനമില്ല എന്ന് കാണുന്നു. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾക്കായി സമർപ്പിക്കുന്നു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.33 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന വെബ്ബ് അധിഷ്ഠിത സേവങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന LSG-VPN കണക്ഷന്റെ തുക അടക്കുന്നത് സംബന്ധിച്ച്. | സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന വെബ്ബ് അധിഷ്ഠിത സേവനങ്ങൾക്കായി ഡേറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്ന BSNL ന്റെ LSG-VPN (VAS No-343) കണക്ഷന്റെ 2014-2015 വർഷത്തേക്കുള്ള വാർഷിക ബിൽ തുകയായ 15,89,773/- രൂപ BSNL ലേക്ക് അടക്കുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.34 | കൊല്ലം കോർപ്പറേഷൻ, നീലേശ്വരം മുനിസിപ്പാലിറ്റി എന്നി സ്ഥലങ്ങളിലേക്ക് ഫർണ്ണിച്ചർ, ടച്ച് സ്ക്രീൻ, എയർകണ്ടീഷണർ മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്. | 1. കൊല്ലം കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഫർണ്ണിച്ചർ. എയർകണ്ടീഷണർ, സെർവർ, കമ്പ്യൂട്ടർ അപ്ഗ്രഡേഷൻ എന്നിവ വാങ്ങി നൽകുന്നതിലേക്കായി ഐ.കെ.എമ്മിലേക്ക് 9,13,000/- രൂപ അടച്ചിട്ടുണ്ട്.<br>2. നീലേശ്വരം മുനിസിപ്പാലിറ്റി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഫർണ്ണിച്ചർ. എയർകണ്ടീഷണർ, ടച്ച് സ്ക്രീൻ എന്നിവ വാങ്ങി നൽകുന്നതിലേക്കായി ഐ.കെ.എമ്മിലേക്ക് 26,0150/- രൂപ അടച്ചിട്ടുണ്ട്.<br>ഈ തുക ഉപയോഗിച്ച് കൊല്ലം കോർപ്പറേഷനും, നീലേശ്വരം മുനിസിപ്പാലിറ്റിക്കും സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എം മുഖേന വാങ്ങി നൽകുന്നതിനുള്ള അനുമതിക്കായി. വാങ്ങി നൽകാനുള്ള സാധനങ്ങളുടെ വിശദവിവരം അജണ്ടയുടെ **അനുബന്ധം-8** ആയി നൽകിയിരുന്നു. |
| എടുത്ത തീരുമാനം | | കെൽട്രോൺ/നിർമ്മിതി കേന്ദ്രം മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനും ജോലികൾ ചെയ്യിക്കാനും തീരുമാനിച്ചു. |
| 2.35 | ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്തതിനു ശേഷം ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ്. എന്നാൽ 4 ജീവനക്കാർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി വാർഷിക ഇൻക്രിമെന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ നൽകിയ നടപടി സാധൂകരിക്കുന്നതിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. |
| 2.36 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.കെ.എം നൽകുന്ന സാങ്കേതിക സഹായത്തിന് തുക 2014-2015 വർഷം ഈടാക്കുന്നത് സംബന്ധിച്ച്. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസിനെ സഹായിക്കുന്നതിലേക്കായി ഐ.കെ.എമ്മിലെ ജീവനക്കാരെ താഴെ പറയും പ്രകാരം ഫീൽഡിൽ വിന്യസിച്ചിരിക്കുന്നു.<br>a) 152 ബ്ലോക്ക് പഞ്ചായത്തുകൾ – 152 ടി.എ<br>b) 60 മുനിസിപ്പാലിറ്റികൾ – 60 ടി.എ<br>c) 14 ജില്ലാ പഞ്ചായത്തുകൾ – 14 ടി.എ<br>d) 5 കോർപ്പറേഷനുകൾ – 22 ടി.എ<br>ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിരിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ്മാർ ആ ബ്ലോക്കിനു കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടി കൂടിയാണ് പ്രവർത്തിക്കുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകൾ മാത്രമേ ഇവരുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കും വേണ്ടിയുള്ള തുക നൽകുന്നുള്ളൂ. ഒരു ടി.എക്ക് വേണ്ടി ഒരു വർഷം 2,40,000/- രൂപ ബ്ലോക്ക് പഞ്ചായത്തുകൾ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | നൽകേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും തുല്യമായി ഈ തുക ഈടാക്കാവുന്നതാണ്. ഇപ്രകാരം ഒരോ ഗ്രാമപഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും ഒരു വർഷം 35,000/- രൂപ വീതം ഐ.കെ.എമ്മിലേക്ക് അടക്കേണ്ടതുണ്ട്.<br><br>60 മുനിസിപ്പാലിറ്റികളിലും കൂടി 60 ടി.എ മാർ പ്രവർത്തിക്കുന്നു. ഒരാൾക്ക് 2,40,000/- രൂപ വീതം 60 ടി.എമാർക്കും കൂടി ഈ വർഷം 1,44,00,000/- രൂപ ശമ്പളമായി നൽകേണ്ടതുണ്ട്. ഈ തുക മുനിസിപ്പാലിറ്റികളിൽ നിന്ന് ഐ.കെ.എമ്മിലേക്ക് അടക്കേണ്ടതുണ്ട്.<br><br>14 ജില്ലാ പഞ്ചായത്തുകളിലും കൂടി 14 ടി.എ മാർ പ്രവർത്തിക്കുന്നു. ഒരു ടി.എക്ക് ഒരു വർഷം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേക്കായി 2,40,000/- രൂപ വീതം 14 ജില്ലാ പഞ്ചായത്തുകളിലും കൂടി 33,60,000/- രൂപ ഐ.കെ.എമ്മിലേക്ക് അടക്കേണ്ടതുണ്ട്.<br><br>5 കോർപ്പറേഷനുകളിലും കൂടി 22 ടി.എ മാർ പ്രവർത്തിക്കുന്നു. ഒരു ടി.എക്ക് ഒരു വർഷം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേക്കായി 2,40,000/- രൂപ വീതം 5 കോർപ്പറേഷനുകളും ചേർന്ന് 22 ടി.എ മാർക്കായി 52,80,000/- രൂപ ഐ.കെ.എമ്മിലേക്ക് അടക്കേണ്ടതുണ്ട്.<br><br>ഇപ്രകാരം സാങ്കേതിക സഹായത്തിനുള്ള തുകയായി എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിനായി സർക്കാർ ഉത്തരവ് ഇറക്കുന്നതിന് പ്രൊപ്പോസൽ നൽകുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | സർക്കാർ ഉത്തരവ് ഇറക്കുന്നതിലേക്കായി പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് അയക്കാൻ തീരുമാനിച്ചു. |
| 2.37 | ഇൻഫർമേഷൻ കേരള മിഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോഗ്രാമർമാരുടെ കരാർ കാലാവധി പുതുക്കുന്നത് സംബന്ധിച്ച്. | സോഫ്റ്റ് വെയർ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാമറായി ജോലി ചെയ്തിരുന്ന/ ചെയ്യുന്ന താഴെ പറയുന്ന ജീവനക്കാരുടെ കരാർ കാലാവധി 3 മാസത്തേക്ക് പുതുക്കുന്നതിനുള്ള അനുമതിക്കായി.<br><br>1. ശ്രീമതി.രേഷ്മ പിയുടെ കരാർ കാലാവധി 07.11.2013 ന് അവസാനിച്ചു. ശ്രീമതി.രേഷ്മ.പിയെ 3 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതിക്കായി.<br><br>2. ശ്രീമതി.ആരാധന എ ജി യുടെ കരാർ കാലാവധി 30.04.2014 ന് അവസാനിച്ചിട്ടുണ്ട്. സേവന പെൻഷൻ ആപ്ലിക്കേഷനിൽ DBT യുമായി ബന്ധപ്പെട്ട് NSAP, CPSMS എന്നീ മൊഡ്യൂളുകളുടെയും, കൂടാതെ സേവന പെൻഷൻ ഓൺലൈൻ ആപ്ലിക്കേഷൻ സംബന്ധമായ പ്രവർത്തനങ്ങൾക്ക് ശ്രീമതി. ആരാധനയുടെ സേവനം അനിവാര്യമാണ്. ആയതിനാൽ 3 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതിക്കായി.<br><br>3. ശ്രീമതി.ഷിംന ബി യുടെ കരാർ കാലാവധി 19.05.2014 ന് അവസാനിക്കുകയാണ്. സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ് വെയർ സംബന്ധിച്ച മൊഡ്യൂൾ വികസനം, മാറ്റങ്ങൾ എന്നിവയുടെയും ഫീൽഡിലെ പ്രശ്ന പരിഹാരം എന്നീ ജോലികൾ ശ്രീമതി. ഷിംന ബി ചെയ്ത് വരുന്നതിനാൽ ഇവരുടെ സേവനം അനിവാര്യമാണ്. ആയതിനാൽ 3 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 2.38 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വെബ്സൈറ്റ് വരിസംഖ്യ/ എസ്.എം.എസ്/ഇ-പേയ്മെന്റ് ഗേറ്റ് വേ എന്നിവയ്ക്കുള്ള തുക ലഭ്യമാക്കുന്നത് സംബന്ധിച്ച്. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റ് പരിപാലിച്ചുവരുന്നത് ഇൻഫർമേഷൻ കേരള മിഷനാണ്. മാത്രമല്ല ഐ.കെ.എം വികസിപ്പിച്ച വിവിധ സോഫ്റ്റ്‌വെയറുകളോട് എസ്.എം.എസ് സൗകര്യം, ഇ-പേയ്മെന്റ് ഗേറ്റ് വേ എന്നീ സവിശേഷതകൾ കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ സൗകര്യങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചെലവിലേക്കായി ഒരു ഗ്രാമപഞ്ചായത്ത് 7,500/- രൂപ വീതം 978 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 73,35,000/- രൂപയും, 60 മുനിസിപ്പാലിറ്റികളിൽ നിന്നും 17500/- രൂപ വീതം 10,50,000/- രൂപയും 152 ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 5,000/- രൂപ വീതം 7,60,000/- രൂപയും 5 കോർപ്പറേഷനുകളിൽ നിന്നും 40,000/- രൂപ വീതം 20,00,000/- രൂപയും ഇപ്രകാരം ആകെ 1,11,45,000/- രൂപ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഐ.കെ.എം ലേക്ക് അടക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഇറക്കുന്നതിന് പ്രൊപ്പോസൽ നൽകുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 2.39 | മറ്റു വിഷയങ്ങൾ - അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി | ---------------- |

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

James Varghese
Principal Secretary to Government
Local Self Government & Port Dept.
Government Secretariat, Tvpm.
Tel : 2517219, Telefax : 2518434

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)